# കേരള കാർഷിക സർവ്വകലാശാല
## പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ്
## വെള്ളാനിക്കര, 680656

0487 2438620 0487 2438621

centnursery@kau.in


സിഡി:2037/19

09/06/2022

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാല പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിലെ IRM RF - "ലാർജ് സ്കെയിൽ പ്രൊഡക്ഷൻ ഓഫ് മാങ്ഗോ ഗ്രാഫ്റ്റ് "എന്ന പദ്ധതിയുടെ കീഴിൽ ഗ്രാഫ്റ്റിംഗ് ചെയ്യുന്നതിതിനാവശ്യമായ ഗുണമേന്മയുള്ളതും രോഗ കീടമുക്തവുമായ വേരുപിടിച്ച ഏകദ്ദേശം 60,000 മാവ് തൈകൾ (Mango Root Stock) ഒരു വർഷത്തേക്ക് നഴ്സറിയിൽ പല തവണകളായി എത്തിച്ചുതരുവാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

### നിബന്ധനകൾ

1. നിശ്ചിത ടെൻഡർ ഫോമിൽ വേരുപിടിപ്പിച്ച ഒരു തൈയുടെ വില പ്രത്യേകം കാണിച്ചിരിക്കണം. ടെൻഡർ ഫോം http:/www.kau.in/tenders എന്ന പോർട്ടലിൽ ലഭ്യമാണ്.
2. ടെൻഡർ ഫോമിന്റെ വിലയും [ടെൻഡർ തുകയുടെ 0.20% (100 രൂപയുടെ ഗുണിതം) കുറഞ്ഞത് 400 രൂപയും ആയിരിക്കണം + ജി.എസ്.ടി 18%], നിരതദ്രവ്യവും (ടെൻഡർ തുകയുടെ 1%) പണമായോ ഡിമാന്റ് ഡ്രാഫ്റ്റ്/ ബാങ്കേഴ്സ് ചെക്ക് **പ്രൊഫസ്സർ & ഹെഡ്, പ്ലാൻറ് പ്രൊപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര, 680656** എന്ന പേരിൽ **എസ്.ബി.ഐ കെ.എ.യു കാമ്പസ് (IFSC code: SBIN0070670)** ശാഖയിൽ മാറാവുന്ന രീതിയിലോ ടെൻഡർ ഫോമിനൊപ്പം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ടെൻഡറിന്റെ ഉടമ്പടി പത്രം (Agreement) 100 രൂപയുടെ കേരള സ്റ്റാമ്പ് പേപ്പറിൽ ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഉടമ്പടി പത്രത്തിന്റെ ഫോം http:/www.kau.in/tenders എന്ന പോർട്ടലിൽ ലഭ്യമാണ്.
3. ടാക്സ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, മറ്റു ചാർജ്ജുകൾ എന്നിവ ഉണ്ടെങ്കിൽ ടെൻഡറിൽ പ്രത്യേകം കാണിച്ചിരിക്കണം.
4. ടെൻഡർ സമർപ്പിക്കുന്ന ആളുടെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവ ടെൻഡറിനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.
5. ഒട്ടിച്ച് സീൽ ചെയ്ത ടെൻഡറുകളിൽ **"ഗുണമേന്മയുള്ളതും രോഗ കീടമുക്തവുമായ വേരുപിടിച്ച മാവ് തൈകളുടെ (Mango Root Stock) വിതരണം"** എന്നെഴുതി പ്രൊഫസർ & ഹെഡ്ഡ്, പ്ലാന്റ് പ്രൊപഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര, 680656 എന്ന അഡ്രസ്സിൽ ലഭിച്ചിരിക്കണം.

6. ടെൻഡറുകൾ **27/06/2022 തീയ്യതി 10.30am മണി വരെ സ്വീകരിക്കുന്നതും 11.00am മണിയ്ക്ക്** ശേഷം അപ്പോൾ സന്നിഹിതരാകുന്നവർ മുൻപാകെ തുറക്കുന്നതും ഏറ്റവും കുറഞ്ഞനിരക്ക് കാണിച്ചിരിക്കുന്ന ടെൻഡർ സ്വീകരിക്കുന്നതും ആയിരിക്കും.
7. ടെൻഡർ ഉറപ്പിച്ച് കിട്ടിയ വ്യക്തി 100 രൂപയുടെ കേരള സ്റ്റാമ്പ് പേപ്പറിൽ ഉടമ്പടി പത്രം (Agreement) സമർപ്പിക്കേണ്ടതും ടെൻഡർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി പണമായോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ഈ സ്ഥാപനത്തിൽ ഒടുക്കേണ്ടതുമാണ്. കാലാവധിയ്ക്ക് ശേഷം ഈ തുക പലിശ രഹിതമായി തിരികെ നൽകുന്നതാണ്.
8. ടെൻഡറുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള അധികാരം പ്ലാന്റ് പ്രൊപഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
9. എല്ലാ സർക്കാർ ടെൻഡറുകൾക്കും ഉള്ള നിബന്ധനകൾ ഇതിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

Plant Propagation and Nursery Management Unit, Vellanikkara, KAU P.O., Date............, Thrissur-680 656, Kerala Agricultural University

പ്രൊഫസ്സർ ആന്റ് ഹെഡ്

Professor & Head
Plant Propagation & Nursery Management Unit
Kerala Agricultural University
Vellanikkara - 680 656

പകർപ്പ് : നോട്ടീസ് ബോർഡ് (ഫാം, വിപണന വിജ്ഞാന കേന്ദ്രം)/ വെബ് സൈറ്റ് /ഫാം സൂപ്രണ്ട്/ ഫയൽ